"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല - കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ വേളമാനൂർ യു.പി.എസിൽ നടത്തിയ പ്രവൃത്തികളുടെ ബിൽ തുക പുതിയ പ്രൊജക്ടിൽ നിന്ന് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2703/2025/LSGD തീയതി,തിരുവനന്തപുരം, 06-11-2025

---

പരാമർശം:-

1. കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 24/02/2025 ലെ 3/4-ാം നമ്പർ തീരുമാനം
2. കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03/06/2025 ലെ കത്ത്
3. കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20/07/2025 ലെ SC1-01/25-ാം നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണം, കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025 - ലെ യോഗ തീരുമാനം 4.35

**ഉത്തരവ്**

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഏക യു പി സ്കൂൾ ആയ വേളമാനൂർ യു പി സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് എസ് എസ് കെ (Samagra Shiskha Kerala) പത്ത് ലക്ഷം രൂപ അനുവദിച്ചിരുന്നു. എസ് എസ് കെ ആവശ്യപ്പെട്ടതനുസരിച്ച് സിവിൽ വർക്കിനായി 5 ലക്ഷം രൂപയും, മറ്റ് പ്രവൃത്തികൾക്ക് 5 ലക്ഷം രൂപയും 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വകയിരുത്തിയിരുന്നു. സിവിൽ വർക്ക് പൂർത്തിയായി ബിൽ നൽകി. കുട്ടികളുടെ മനസ്സിനിണങ്ങും വിധമുള്ള ചിത്രീകരണ പ്രവൃത്തികളാണ് ഡ്രീം ഇന്ത്യ നടപ്പാക്കിയത്. ഇതിന്റെ നിർവഹണ ഉദ്യോഗസ്ഥൻ സ്കൂൾ ഹെഡ്മിസ്ട്രസ് ആണ്. പ്രവേശന കവാടം, കിഡ്സ്പാർക്ക്, ശലഭ പാർക്ക്, പ്രവേശന കവാടത്തിലെ മതിലിലുള്ള ചിത്രകലകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടും SSK നടത്തിയ ടെണ്ടറിലൂടെ തെരഞ്ഞെടുത്ത ഡ്രീം ഇന്ത്യ നടപ്പാക്കിയ പ്രവേശന കവാടം, കിഡ്സ് പാർക്ക്, ശലഭ പാർക്ക്, പ്രവേശന കവാടത്തിലെ മതിലിലുള്ള ചിത്രകലകൾ തുടങ്ങിയവ ഉൾപ്പെടുന്ന വേളമാനൂർ യു.പി.എസ്. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തൽ എന്ന പ്രവൃത്തികൾ സ്പിൽ ഓവറായി ചേർക്കാത്തതിനാലും സമയത്ത് വെറ്റിംഗ് നടത്താത്തതിനാലും നൽകാൻ കഴിയാത്ത ബിൽ തുക നൽകുന്നതിനായി 2024-25 വർഷം ഇതിനായി അഞ്ച് ലക്ഷം രൂപ വകയിരുത്തി (നോൺ റോഡ് മെയിൻറനൻസ് ഗ്രാൻ്റ്) പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി ലഭിക്കുകയും, ഇതിന്റെ വെറ്റിംഗ് നടപടി പൂർത്തിയാക്കുകയും

ചെയ്തതിനാൽ 2025-26 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തുകയും, 2023-24-ൽ പൂർത്തിയാക്കുകയും 20.05.2023 നാണ് ബിൽ നൽകിയതെന്നതിനാൽ പുതിയ പ്രോജക്ടിൽ നിന്ന് തുക നൽകാൻ ഇപ്പോഴത്തെ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാകുന്നില്ലെന്നതിനാൽ പ്രസ്തുത പ്രവൃത്തിക്ക് പരാമർശം (1) പ്രകാരം കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ പ്രോജക്ടിൽ നിന്ന് ബിൽ തുക നൽകാൻ പ്രത്യേക അനുമതി നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ കോഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

(2) 27.03.2025 ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണം, കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം വിശദമായി പരിശോധിച്ചു. SSK നടത്തിയ ടെണ്ടറിലൂടെ തെരഞ്ഞെടുത്ത ഡ്രീം ഇന്ത്യ നടപ്പാക്കിയ പ്രവേശന കവാടം, കിഡ്സ്പാർക്ക്, ശലഭ പാർക്ക്, പ്രവേശന കവാടത്തിലെ മതിലിലുള്ള ചിത്രകലകൾ തുടങ്ങിയവ ഉൾപ്പെടുന്ന വേളമാനൂർ യു.പി.എസ്. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തൽ എന്ന പ്രവൃത്തികൾ സ്പിൽ ഓവറായി ചേർക്കാത്തതിനാലും സമയത്ത് വെറ്റിംഗ് നടത്താത്തതിനാലും നൽകാൻ കഴിയാത്ത ബിൽ തുക നൽകുന്നതിനായി 2024-25 വർഷം ഇതിനായി അഞ്ച് ലക്ഷം രൂപ വകയിരുത്തി (നോൺ റോഡ് മെയിൻറനൻസ് ഗ്രാൻ്റ്) പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിലും, ഇതിന്റെ വെറ്റിംഗ് നടപടി പൂർത്തിയാക്കുകയും ചെയ്തതിനാൽ 2025-26 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തുകയും, 2023-24-ൽ പൂർത്തിയാക്കുകയും 20.05.2023 നാണ് ബിൽ നൽകിയതെന്നതിനാൽ പുതിയ പ്രോജക്ടിൽ നിന്ന് തുക നൽകാൻ ഇപ്പോഴത്തെ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാകുന്നില്ലെന്നതിനാൽ പ്രസ്തുത പ്രവൃത്തിക്ക് പരാമർശം (3) പ്രകാരമുള്ള വികേന്ദ്രീകൃതാസൂത്രണം, കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ പ്രോജക്ടിൽ നിന്ന് ബിൽ തുക നൽകാൻ പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 07-11-2025 16:36:24

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. കൺവീനർ എസ്.ആർ ജി, പട്ടം , തിരുവനന്തപുരം
3. സെക്രട്ടറി, കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്, കൊല്ലം
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) തിരുവനന്തപുരം
5. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്. ഐ & പി ആർ ഡി
7. കരുതൽ ഫയൽ (ഡി.ബി1/391/2025/എൽ.എസ്.ജി.ഡി)